3. The Kerala Municipality (Amendment) Bill, 1999 (Act 14 of 1999).

4. The Kerala Appropriation (No.7) Bill, 1999 (Act 15 of 1999).

5. The Kerala Appropriation (Vote on Account) Bill, 1999 (Act 16 of 1999).

6. The Kerala Fishermen's Welfare Fund (Amendment) Bill, 1999 (Act 17 of 1999).

7. The Kerala State Co-operative Agricultural and Rural Development Banks (Amendment) Bill, 1996 (Act 18 of 1999).

8. The Kerala Industrial Revitalisation Fund Bill, 1999 (Act 19 of 1999).

9. The Kerala Revenue Card Bill, 1997 (Act 20 of 1999).

VIII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച്.

മുഖ്യമന്ത്രി (ശ്രീ.ഇ.കെ. നായനാർ) : സ്പീക്കർ സർ, ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിനു വേണ്ടി ഡീസൽ ജനറേറ്ററുകൾ വാങ്ങുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഫ്രാൻസിലെ സെംറ്റ്പീൽസ്റ്റിക്, സി.ഡി.ഇ. എന്നീ കമ്പനികളുമായി 1993 ഡിസംബർ 12-ാം തീയതി ഒരു കരാർ ഒപ്പുവയ്ക്കുകയുണ്ടായി. അന്ന് യു.ഡി.എഫ്. ആയിരുന്നു അധികാരത്തിൽ. ശ്രീ. സി.വി. പത്മരാജനായിരുന്നു വിദ്യുച്ഛക്തി വകുപ്പുമന്ത്രി. പ്രസ്തുത കരാറിന് പിന്നിൽ വൻതോതിൽ ക്രമക്കേടും അഴിമതിയും നടന്നതായി ഈ സഭയിലും പുറത്തും ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുണ്ടായി.

1994 ജൂലായ് 5, 1995 ജൂലായ് 24 എന്നീ തീയതികളിൽ അന്നത്തെ പ്രതിപക്ഷം വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്ക് എതിരായി തെളിവുകൾ വെളിപ്പെടുത്തിക്കൊണ്ട് അഴിമതി ആരോപണമുന്നയിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടു. മന്ത്രി അത് നിഷേധിച്ചു. 1995 ഡിസംബർ 5-ന് നടന്ന പത്രസമ്മേളനത്തിൽ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ.വി.എസ്. അച്യുതാനന്ദൻ ബ്രഹ്മപുരം കരാറിൽ 25 കോടി രൂപയുടെ അഴിമതി നടന്നുവെന്ന് വ്യക്തമാക്കുകയും വൈദ്യുതി ബോർഡ് ചെയർമാനും മറ്റുള്ളവരുമായി കൂട്ടുചേർന്ന് ശ്രീ. പത്മരാജൻ പീൽസ്റ്റിക് കമ്പനിയുമായുള്ള ഈ ഇടപാടിൽ കമ്മീഷൻ കൈപ്പറ്റിയെന്ന് ആരോപിക്കുകയും ചെയ്തു. നിയമസഭയ്ക്ക് പുറത്തു വച്ചുള്ള പ്രസ്തുത ആരോപണത്തിന്റെ പേരിൽ ധൈര്യമുണ്ടെങ്കിൽ തന്നെ പ്രോസിക്യൂട്ട് ചെയ്യാൻ അദ്ദേഹം ശ്രീ പത്മരാജനെ വെല്ലുവിളിക്കുകയുമുണ്ടായി. ഡിസംബർ 16-ാം തീയതി ഞാനും ശ്രീ.ടി ശിവദാസമേനോനും വാർത്താസമ്മേളനത്തിൽ ആരോപണങ്ങൾ ആവർത്തിക്കുകയും ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെടുകയും ചെയ്തു. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവാകുകയല്ല, മറിച്ച് ആരോപണം ഉന്നയിച്ചയാളിനെ പ്രോസിക്യൂട്ട് ചെയ്യാൻ ഉത്തരവായിക്കൊണ്ട് തിരുവനന്തപുരം സെഷൻസ് കോടതിയിൽ മാനനഷ്ടക്കേസ് ഫയൽ ചെയ്യുകയാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നു വർഷം മുൻപ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് ബ്രഹ്മപുരം ഡീസൽ വൈദ്യുത പദ്ധതി കരാറിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് എൻക്വയറീസ് കമ്മീഷൻ ആക്ടനുസരിച്ച് ജസ്റ്റീസ് ശ്രീ.വി ശിവരാമൻ നായരെ അന്വേഷണകമ്മീഷനായി നിയമിച്ചുകൊണ്ട് 1996 ജൂൺ 28-ന് വിജ്ഞാപനം പുറപ്പെടുവിച്ചു. ജസ്റ്റീസ് ശ്രീ. ശിവരാമൻ നായർ 1997 ജൂലായ് 6-ന് അന്തരിച്ചതിനെത്തുടർന്ന് ആ വർഷം ഡിസംബർ 4-ന് മുൻ കേരള ഹൈക്കോടതി ജഡ്ജി ശ്രീ.വി. ഭാസ്കരൻ നമ്പ്യാരെ അന്വേഷണ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവായി.

ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ 1999 ഏപ്രിൽ 11-ന് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടും അതിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങളും സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

അന്വേഷണത്തിന്റെ പുരോഗതിയിൽ വൈദ്യുതി ബോർഡിലേയും ഗവൺമെന്റിലേയും യു.ഡി.എഫ്. ഭരണകാലത്തെ രേഖകൾതന്നെ ഗൂഢാലോചനയുടേയും ക്രമക്കേടിന്റെയും അഴിമതിയുടേയും വസ്തുതകൾ സ്പഷ്ടമാക്കുന്നുവെന്ന് അന്വേഷണ കമ്മീഷൻ ആമുഖമായിത്തന്നെ പ്രസ്താവിക്കുന്നുണ്ട്.

കമ്മീഷന്റെ അന്വേഷണ വിഷയങ്ങളും അതു സംബന്ധിച്ച കണ്ടെത്തലുകളും ഇങ്ങനെയാണ്.

<u>അന്വേഷണ വിഷയം ഒന്ന്</u>.

ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിൽ സ്ഥാപിക്കുവാൻ വേണ്ട അഞ്ചുഡീസൽ ജനറേറ്ററുകൾ വാങ്ങുന്നതിനുള്ള വിലയും മറ്റു വ്യവസ്ഥകളും കർണ്ണാടക സംസ്ഥാന വൈദ്യുതി ബോർഡ് 'യെലഹങ്ക' പ്രോജക്ടിനുവേണ്ടി സ്ഥാപിച്ച ഡീസൽ ജനറേറ്ററുകളുടെ വിലയ്ക്കും മറ്റു വ്യവസ്ഥകൾക്കും തുല്യമായിരുന്നുവോ; അല്ലെങ്കിൽ അവയിലുണ്ടായ വ്യതിയാനങ്ങളും വ്യത്യാസങ്ങളും എന്തായിരുന്നു; പ്രസ്തുത വ്യതിയാന-വ്യത്യാസങ്ങളനുസരിച്ച് കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് എന്തെങ്കിലും നഷ്ടമോ, സെന്റ് പീൽസ്റ്റിക് കമ്പനിക്ക് എന്തെങ്കിലും ലാഭമോ ഉണ്ടായിട്ടുണ്ടോ:

<u>കണ്ടെത്തലുകൾ</u> : ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിൽ സ്ഥാപിക്കുവാൻ വേണ്ട അഞ്ചുഡീസൽ ജനറേറ്ററുകൾ വാങ്ങുന്നതിനുള്ള വിലയും മറ്റു വ്യവസ്ഥകളും കർണ്ണാടക സംസ്ഥാന വൈദ്യുതി ബോർഡ് 'യെലഹങ്ക' പ്രോജക്ടിനുവേണ്ടി സ്ഥാപിച്ച ഡീസൽ ജനറേറ്ററുകളും വിലയ്ക്കും മറ്റു വ്യവസ്ഥകൾക്കും സമാനമായിരുന്നില്ല. ജനറേറ്ററുകളുടെ വില, ഇറക്കുമതി ചെയ്ത ഉപകരണങ്ങളുടെ കാട്ട, ഇൻഡ്യൻ ഉപകരണങ്ങളുടേയും സ്പെയർപാർട്ടുകളുടേയും അളവ്, ഗ്യാരന്റി വ്യവസ്ഥകൾ എന്നിവയിൽ സാരമായ വ്യതിയാനങ്ങളും വ്യത്യാസങ്ങളും ഉണ്ടായിരുന്നു. കൂടാതെ കരാറിന്റെ 2,3,7,10,11,18,20,21,22 എന്നീ വ്യവസ്ഥകളിലും വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത വ്യതിയാന വ്യത്യാസങ്ങൾ കാരണം കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 71 കോടി രൂപയിലധികം നഷ്ടവും സെന്റ് പീൻസ്റ്റിക് കമ്പനിക്ക് അത്രയും തുകയുടെ ലാഭവുമുണ്ടായിട്ടുണ്ട്.

<u>അന്വേഷണവിഷയം രണ്ട്</u> : ബ്രഹ്മപുരം വൈദ്യുതി നിലയത്തിലേക്ക് ഡീസൽ ജനറേറ്ററുകൾ നൽകുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള കരാർ നൽകിയതിൽ ഏതെങ്കിലും പൊതുജനസേവകൻ (പബ്ളിക്സർവന്റ്) അദ്ദേഹത്തിനോ മറ്റാർക്കെങ്കിലുമോ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിൽ ഉത്തരവാദിയായിരുന്നോ:

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തലുകൾ : 21-12-93 -ൽ ധാരണാപത്രം/കരാർ അംഗീകരിച്ച, മുൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. സി.വി. പത്മരാജൻ 19-1-92 -ൽ ബ്രഹ്മപുരം ധാരണാപത്രം ഒപ്പുവച്ച വൈദ്യുതി ബോർഡ് ചെയർമാൻ ശ്രീ. ആർ. നാരായണൻ, ബ്രഹ്മപുരം ധാരണാപത്രത്തിൽ സാക്ഷിയായിരിക്കുകയും കാസർഗോഡ് ധാരണാപത്രത്തിൽ അധികാരമില്ലാതെ ഒപ്പുവയ്ക്കുകയും ചെയ്ത വൈദ്യുതി ബോർഡ് അംഗം ശ്രീ. വൈ.ആർ. മൂർത്തി, ബ്രഹ്മപുരം കരാർ സംബന്ധിച്ച പ്രധാന തീരുമാനങ്ങളെടുത്തപ്പോഴെല്ലാം വൈദ്യുതി ബോർഡ് ചെയർമാനായിരുന്ന ശ്രീ. ആർ. ശിവദാസൻ, സർക്കാർ അംഗീകാരമില്ലാതെ ധാരണാപത്രത്തിൽ വസ്തുതാപരമായ മാറ്റങ്ങൾ വരുത്തുകയും 18/19-10-93, 14-12-93 എന്നീ തീയതികളിൽ ഫ്രഞ്ചുകമ്പനിയുമായി ചർച്ച നടത്തി 16-12-93 -ൽ ബ്രഹ്മപുരം കരാറിൽ ഒപ്പു വയ്ക്കുകയും 'എസ്കലേഷൻ ഫോർമുല' പ്രായോഗികവൽക്കരണത്തിന്റെ ശിൽപ്പിയും കരാർ നടത്തിപ്പിൽ ഉടനീളം പ്രധാന പങ്കു വഹിച്ച ആളുമായ ചീഫ് എൻജീനിയർ (ഇലക്ട്രിക്കൽ) ശ്രീ. സി.ജെ ബെർട്റാം നെറ്റോ, വൈദ്യുതി ബോർഡിന്റെ മുൻനടപടിയെ സാധൂകരിക്കുന്നു എന്ന മറവിൽ 19-1-92-ൽ ധാരണാപത്രം ഒപ്പുവച്ച ശ്രീ. ആർ. നാരായണന്റെ നടപടി 29-4-92-ൽ ശരിവയ്ക്കുകയും സെന്റ് പീൽസ്റ്റിക് ജനറേറ്ററുകൾ ആഗോള ടെന്ററുകൾ ക്ഷണിക്കാതെ വാങ്ങുന്നതിന് 13-10-93-ൽ തീരുമാനമെടുക്കുകയും ചെയ്ത് ഫുൾബോർഡ് എന്നിവരാണ് പ്രസ്തുത കമ്പനിക്ക് സാമ്പത്തികനേട്ടമുണ്ടാക്കി കൊടുത്തതിന് ഉത്തരവാദികൾ. ബ്രഹ്മപുരം പ്രോജക്ടിനുവേണ്ടി ഡീസൽ ജനറേറ്ററുകൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും കരാർ നൽകിയതിൽ മേൽപ്പറഞ്ഞ ഏതെങ്കിലും വ്യക്തികളോ, വ്യക്തികളുടെ സംഘമോ എന്തെങ്കിലും സാമ്പത്തിക നേട്ടം ഉണ്ടാക്കിയിട്ടുണ്ടോയെന്ന കാര്യം വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ട ഒന്നാണ്.

അന്വേഷണവിഷയം മൂന്ന് :

മേൽപ്പറഞ്ഞ കരാർപ്രകാരം കേരള സംസ്ഥാന വൈദ്യുതിബോർഡിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികൾ ആരൊക്കെയായിരുന്നു?

കണ്ടെത്തലുകൾ :

അന്വേഷണ വിഷയം രണ്ടിൽ പറഞ്ഞിട്ടുള്ള വ്യക്തികളാണ് മേൽപ്പറഞ്ഞ കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന് 71 കോടി രൂപയിൽ കൂടുതൽ നഷ്ടം വരുത്തിയതിന് പ്രധാനമായും ഉത്തരവാദികൾ.

അന്വേഷണവിഷയം നാല് :

ആഗോള ടെൻഡർ ക്ഷണിക്കാതെ ബ്രഹ്മപുരം വൈദ്യുതി പ്രോജക്ടിനുവേണ്ടി ഡീസൽ ജനറേറ്ററുകൾ നൽകുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള കരാർ അംഗീകരിച്ച അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ നടപടി ന്യായീകരിക്കത്തക്കതാണോ; വസ്തുതകളുടെയും സാഹചര്യങ്ങളുടെയും വെളിച്ചത്തിൽ അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി സംസ്ഥാന നിയമസഭയിലും പത്രമാധ്യമങ്ങളിലും ഇതു സംബന്ധിച്ച് നൽകിയ വിശദീകരണങ്ങൾ ന്യായീകരിക്കത്തക്കതാണോ?

കണ്ടെത്തലുകൾ :

ആഗോള ടെൻഡർ ക്ഷണിക്കാതെ ബ്രഹ്മപുരം വൈദ്യുതി പ്രോജക്ടിനുവേണ്ടി ഡീസൽ ജനറേറ്ററുകൾ നൽകുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കരാർ അംഗീകരിച്ച അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ നടപടി ന്യായീകരിക്കാവുന്നതല്ല. വസ്തുതകളുടെയും സാഹചര്യങ്ങളുടെയും വെളിച്ചത്തിൽ അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി പത്രമാദ്ധ്യമത്തിൽ ഇതു സംബന്ധിച്ച് നൽകിയ വിശദീകരണങ്ങൾ ന്യായീകരിക്കാവുന്നതല്ല. ശ്രീമാൻ സി.വി. പത്മരാജൻ നിയമസഭയിൽ ചെയ്ത പ്രസംഗങ്ങളെക്കുറിച്ച് എന്തെങ്കിലും പറയാൻ കമ്മീഷൻ തയ്യാറായിട്ടില്ല.

അന്വേഷണവിഷയം അഞ്ച് :

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ കാസർഗോഡ് പ്രോജക്ടിനുവേണ്ടി ഡീസൽ ജനറേറ്ററുകൾ നൽകുന്നതിന് കരാർ എപ്പോഴെങ്കിലും ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ കാസർഗോഡ് പ്രോജക്ടിനുവേണ്ടി നിലവിലില്ലാത്ത ഒരു കരാറിന്റെ വില അടക്കമുള്ള വ്യവസ്ഥകൾ ബ്രഹ്മപുരം പ്രോജക്ടിനു അടിസ്ഥാനമായി സ്വീകരിച്ച അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ നടപടി ന്യായീകരിക്കത്തക്കതാണോ?

കണ്ടെത്തലുകൾ :

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ കാസർഗോഡ് പ്രോജക്ടിനുവേണ്ടി ഡീസൽ ജനറേറ്ററുകൾ നൽകുന്നതിന് ഒരു കരാറും ഉണ്ടാക്കിയിരുന്നില്ല. കാസർഗോഡ് ധാരണപത്രം ഒപ്പ് വച്ച ബോർഡ് അംഗം (ഇലക്ട്രിസിറ്റി) ശ്രീമാൻ. വൈ.ആർ. മൂർത്തിക്ക് ബോർഡിനെ പ്രതിനിധികരിക്കാൻ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. ഇപ്രകാരം ഒപ്പ് വച്ച ധാരണാപത്രം നിയമപരമായി നിലനിൽക്കുന്നതല്ല. കാസർഗോഡ് ധാരണാപത്രം അംഗീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. വൈദ്യുതി ബോർഡോ സർക്കാരോ കാസർഗോഡ് ധാരണപത്രം പരിഗണിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കാസർഗോഡ് പ്രോജക്ടിനുവേണ്ടി നിലവിലില്ലാത്ത ഒരു കരാറിന്റെ വിലയടക്കമുള്ള വ്യവസ്ഥകൾ ബ്രഹ്മപുരം പ്രോജക്ടിന് അടിസ്ഥാനമായി സ്വീകരിച്ച അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ പ്രവൃത്തി ന്യായീകരിക്കാവുന്നതല്ല.

അന്വേഷണവിഷയം ആറ് :

സാന്ദർഭികമായി ഉരുത്തിരിയാവുന്ന മറ്റ് കാര്യങ്ങൾ

കണ്ടെത്തലുകൾ :

ബ്രഹ്മപുരം പ്രോജക്ടിനുവേണ്ടി മണ്ണ് നീക്കുന്നതിലും തറ നിരപ്പാക്കുന്നതിലും നിയമരാഹിത്യവും ക്രമരാഹിത്യവും ഉണ്ടായിട്ടുണ്ട്. ബ്രഹ്മപുരം വൈദ്യുതി താപനിലയവും 220 കെ.വി സബ്സ്റ്റേഷനും ഒരു സംയോജിത പദ്ധതിയായി നിർമ്മിക്കാൻ തീരുമാനമെടുത്തശേഷം 7-10-1993 -ൽ പ്രസ്തുത സബ് സ്റ്റേഷനുവേണ്ടി തറ നിരപ്പാക്കുന്ന ജോലിയുടെ കരാർ നൽകിയത്, ബ്രഹ്മപുരം പ്രോജക്ട് പ്രദേശത്ത് 26-11-1993 -ൽ കരാറുകാരൻ ജോലി ആരംഭിച്ചത്, കൂടാതെ രേഖാമൂലമുള്ള കരാർ ഇല്ലാതെയും ടെൻഡർ ക്ഷണിക്കാതെയും കൂടുതലായി തറ നിരപ്പാക്കൽ ജോലിക്കുള്ള കരാർ ഒരേ കരാറുകാരന് നൽകിയത്, നീക്കം ചെയ്തതും നിറയ്ക്കപ്പെട്ടതുമായ മണ്ണിന്റെ അളവിലും കണക്കെടുത്തതിലും ഉണ്ടായ തെറ്റുകൾ എന്നീ നിയമരഹിതവും ക്രമരഹിതവുമായ നടപടികൾ കരാറുകാരനെ സഹായിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ചീഫ് എഞ്ചിനീയർ ശ്രീ ബെർട്ട്റാം നെറ്റോ, 28-4-1994-ൽ കൂടുകയും ജിയോ ടെക് എന്ന കമ്പനിക്ക് കൂടുതലായി തറ നിരപ്പാക്കൽ ജോലിക്കുള്ള കരാർ നൽകാൻ തീരുമാനിക്കുകയും ചെയ്ത സെലക്ഷൻ കമ്മിറ്റി 30-4-1994

LIBRARY ARCHIVES Kerala Legislative Assembly

-ൽ കൂടുകയും ബ്രഹ്മപുരം പവർ പ്ലാന്റിന്റെ തറ നിരപ്പാക്കൽ ജോലിയുള്ള കരാർ പ്രസ്തുത കമ്പനിക്ക് നൽകുവാൻ തീരുമാനിച്ച ഫുൾബോർഡ് എന്നിവർ മണ്ണ് നീക്കി നിരപ്പാക്കുന്നതിന്റെ അളവ് തിട്ടപ്പെടുത്തുന്നതിൽ ഉണ്ടായ നഷ്ടത്തിന് പുറമേ ഏകദേശം 2,95,86,150 രൂപ വൈദ്യുതി ബോർഡിന് നഷ്ടം വരുത്തിയതിന് ഉത്തരവാദികളാണ്.

ബ്രഹ്മപുരം പ്രോജക്ടിന് വേണ്ടി യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിൽ നിയമരാഹിത്യവും ക്രമരാഹിത്യവും ഉണ്ടായിട്ടുണ്ട്. ഹൈദരാബാദിലെ ടാറ്റാ പ്രോജക്ട് ലിമിറ്റഡ് എന്ന സ്ഥാപനം മാത്രമേ പ്രസ്തുത ജോലിക്ക് പ്രീ ക്വളിഫൈഡ് ആയിട്ടുള്ളൂ എന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്പനിയെതന്നെ ജോലി ഏൽപ്പിച്ചത് ന്യായരഹിതവും ഭരണഘടനാ വിരുദ്ധവുമാണ്. ഇതുമൂലം സംസ്ഥാന വൈദ്യുതി ബോർഡിന് 1,38,21,806 രൂപയിൽ കൂടുതൽ നഷ്ടം വരുത്തിയതിന് അന്നത്തെ ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ തെർമ്മൽ) ശ്രീമതി ലീലാഭായ് ഗോപാൽ, അന്നത്തെ ബോർഡ് അംഗം (ഇലക്ട്രിസിറ്റി) ശ്രീ.എം.എം. മാത്യുറോയ്, ചെയർമാനും ബോർഡ് അംഗ (അക്കൗണ്ട്സ്) വുമായിരുന്ന ശ്രീ.ആർ. ശിവദാസൻ എന്നിവർ ഉത്തരവാദികളാണ്.

ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്ക് മതിയാകാതെവന്ന സാഹചര്യത്തിലാണ് ഡീസൽ വൈദ്യുത നിലയങ്ങൾക്കും തെർമ്മൽ വൈദ്യുത നിലയത്തിനും വേണ്ടി സംസ്ഥാനം തുടക്കം കുറിച്ചത്. 281 കോടി രൂപയുടേതായിരുന്നു ബ്രഹ്മപുരം പദ്ധതി. അത്ര വലിയ ഒരു പദ്ധതിയുടെ കാര്യത്തിൽ ഗവൺമെന്റിന് നഷ്ടമുണ്ടാകാത്തതരത്തിൽ ഓരോ ഘട്ടത്തിലും അതീവ ശ്രദ്ധചെലുത്തേണ്ടതായിരുന്നു. എന്നാൽ മറിച്ചാണ് സംഭവിച്ചത്. ഒരു പ്രത്യേക കോൺട്രാക്ടർക്കും മറ്റു പലർക്കും കൊള്ള ലാഭമുണ്ടാക്കാനും വൈദ്യുതി ബോർഡിന് വൻ നഷ്ടമുണ്ടാക്കാനും ബോർഡിന്റെയും അന്നത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. പത്മരാജന്റെയും പ്രവൃത്തികൾ ഇടവരുത്തിയെന്ന് കമ്മീഷൻ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. ബ്രഹ്മപുരം ഡീസൽ-പദ്ധതിക്കു ജനറേറ്റർ വാങ്ങുന്നതിനുള്ള കരാറിൽ അന്നത്തെ പ്രതിപക്ഷനേതാവ് 25 കോടി രൂപയുടെ അഴിമതിയാണ് ആരോപിച്ചത്. എന്നാൽ 75 കോടി രൂപയുടെ ക്രമക്കേടുകൾ നടന്നുവെന്നാണ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ശ്രീ. പത്മരാജന്റെ അനുഗ്രഹാശിസ്സുകളോടെയാണ് ഈ നഷ്ടത്തിലേക്ക് നയിച്ച ക്രമക്കേടുകൾ എല്ലാം നടന്നത്. എന്നിട്ട് അതു ചൂണ്ടിക്കാണിച്ച പ്രതിപക്ഷനേതാവ് ശ്രീ. അച്യുതാനന്ദനെതിരെ സെഷൻസ് കോടതിയിൽ മാനനഷ്ടക്കേസ് ഫയൽ ചെയ്യുകയാണ് കോൺഗ്രസ്സ് (ഐ) നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. അഴിമതിക്കാരെ വെള്ളപൂശാൻ വാദിയെ പ്രതിയാക്കുകയായിരുന്നു ആന്റണി ഗവൺമെന്റ്. കരുണാകരൻ-ആന്റണി ഗവൺമെന്റുകൾ 75 കോടിരൂപയുടെ അഴിമതിക്ക് സംരക്ഷണം നൽകുകയായിരുന്നു. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതുകൊണ്ട് മാത്രമാണ് കേരളത്തിലെ ജനങ്ങളെ കബിളിപ്പിച്ചുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ നടന്ന ഈ വൻതട്ടിപ്പ് വെളിച്ചത്തുവന്നത്. അല്ലെങ്കിൽ ഇപ്പോഴും ഇരുട്ടിൽത്തന്നെ ഒളിച്ചിരുന്നേനെ. അന്വേഷണ കമ്മീഷൻ വേണമെന്ന ആവശ്യം ഈ സഭയുടെ രേഖകളിലും പത്രങ്ങളിലും ഇപ്പോഴും നിശ്ചേതനമായി കിടന്നേനേ.

LIBRARY ARCHIVES Kerala Legislative Assembly

2-6-1999-ൽ കമ്മീഷൻ റിപ്പോർട്ട് പരിഗണിച്ച മന്ത്രിസഭായോഗം റിപ്പോർട്ട് അംഗീകരിക്കുകയും ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഉണ്ടായതായി അന്വേഷണകമ്മീഷൻ കണ്ടെത്തിയ നഷ്ടത്തിന് ഉത്തരവാദികളായി പേരെടുത്തുപറഞ്ഞ പബ്ലിക് സർവെന്റ്സിനെതിരെ വിശദമായ അന്വേഷണം നടത്തുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്. ഇത്രയുമാണ് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

IX. റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി I- ന്റെ നാലാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറംപിൽ) : 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I -ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി II-ന്റെ നാലാമത് റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II -ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III-ന്റെ നാലാമത് റിപ്പോർട്ട്

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി- III -ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി IV -ന്റെ നാലാമത് റിപ്പോർട്ട്

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ നാലാമത് റിപ്പോർട്ട് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി V -ന്റെ നാലാമത് റിപ്പോർട്ട്

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ) : 1999-2000-ാം മാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി- V-ന്റെ നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI -ന്റെ നാലാമത് റിപ്പോർട്ട്

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): 1999-2000-ാം മാണ്ടിലെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 4-ാമത് റിപ്പോർട്ട് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിയ്ക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VII -ന്റെ നാലാമത് റിപ്പോർട്ട്

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) 1999-2000-ാംമാണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII ന്റെ 4-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

203/2010.

LIBRARY ARCHIVES Kerala Legislative Assembly